LIBRARY ARCHIVES Kerala Legislative Assembly

ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ ബില്ലുകൾ

125 (6576) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകൾ പൊതുമരാമത്ത് വകുപ്പിന്റെ പൊതു സീനിയോറിറ്റി സംവിധാനത്തിൽ ഉൾപ്പെടുത്തിയത് കരാറുകാരെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് കെട്ടിടങ്ങളുടെയും മറ്റും നിർമ്മാണം ഏറ്റെടുക്കുന്നതിൽ നിന്നും കരാറുകാർ പിൻമാറുന്നതിന് ഇടയാക്കുന്നതായി അറിയാമോ ;

(സി) ആസ്തിവികസന ഫണ്ട് പ്രകാരമുള്ള ബില്ലുകൾ പ്രത്യേകമായി പരിഗണിക്കുവാൻ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ദീർഘകാലം നിലനിൽക്കുന്ന മൂലധനസ്വഭാവമുള്ള ആസ്തി സൃഷ്ടിക്കാനാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പൊതുമരാമത്ത് പ്രവൃത്തികളുടെ എല്ലാ നിയമങ്ങളും നിബന്ധനകളും പദ്ധതിക്ക് ബാധകമാണ്. അതുകൊണ്ട് ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ബില്ലുകൾ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം പാലിച്ച് മറ്റ് മരാമത്ത് പണികളുടെ ബില്ലുകൾക്ക് ബാധകമായ വ്യവസ്ഥകൾക്ക് അനുസൃതമായി മുൻഗണനാക്രമത്തിലാണ് മാറി നൽകുന്നത്. ആസ്തിവികസന പദ്ധതികളുടെ ബില്ലുകൾക്ക് പ്രത്യേക പരിഗണന നൽകുന്നത് ബഹു. ഹൈക്കോടതി ഉത്തരവിന്റെ ലംഘനമായി തീരും. ഈ പ്രവൃത്തികൾക്കുമാത്രമായി പ്രത്യേക സംവിധാനം സൃഷ്ടിക്കുന്നതിന് അതിനാൽ നിർവ്വാഹമില്ല.

ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് മരാമത്ത് പണികൾ ചെയ്യുന്ന അക്രഡിറ്റഡ് ഏജൻസികൾ

126 (6577) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിയോജകമണ്ഡലം ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് മരാമത്ത് പണികൾ നടപ്പാക്കാൻ ഏതെല്ലാം അക്രഡിറ്റഡ് ഏജൻസികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർവഴി പണി നടത്തുമ്പോൾ ഏജൻസി ഫീസ് കൊടുക്കേണ്ടതുണ്ടോ ; പ്രസ്തുതഫീസ് നൽകുന്നത് നിജപ്പെടുത്തി സർക്കാർ ഉത്തരവുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ?